പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 2 18.03.2013-ൽ മറുപടിക്ക്.

## സ്ഫോടക വസ്തുക്കൾ മൂലമുള്ള അപകടങ്ങളും ആക്രമണങ്ങളും സംബന്ധിച്ച കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സ്ഫോടക വസ്തു കൈകാര്യം ചെയ്തുണ്ടായ അപകടങ്ങളും അത് ഉപയോഗിച്ച് നടത്തിയ ആക്രമണങ്ങളും സംബന്ധിച്ച് നിലവിൽ എത്ര കേസ്സുകളുണ്ട് ; ഇതിൽ കുറ്റപത്രം തയ്യാറാക്കാത്ത എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ ; | : (എ) സ്ഫോടക വസ്തു കൈകാര്യം ചെയ്തുണ്ടായ അപകടങ്ങൾ സംബന്ധിച്ച് നിലവിലുള്ള കേസ്സുകൾ - 213<br>കുറ്റപത്രം സമർപ്പിക്കാത്തവ - 70<br>സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ആക്രമണം നടത്തിയത് സംബന്ധിച്ച് നിലവിലുള്ള കേസ്സുകൾ - 329<br>കുറ്റപത്രം സമർപ്പിക്കാത്തവ - 162 |
| (ബി) ഇത്തരം കേസ്സുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം എന്താണെന്നു വെളിപ്പെടുത്തുമോ ; | : (ബി) കേസ്സുകൾ അന്വേഷണാവസ്ഥയിലായിരിക്കുക, പ്രതികളെ അറസ്റ്റ് ചെയ്യുന്നതിൽ വരുന്ന കാലതാമസം, തെളിയിക്കപ്പെടാൻ സാധിക്കാതെ മാറ്റിവയ്ക്കുന്ന കേസ്സുകൾ, പ്രോസിക്യൂഷൻ അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമം, ഫോറൻസിക് പരിശോധനാ ഫലം ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവ കാരണങ്ങളാണ്. |

(സി) വെടിക്കെട്ടുസാമഗ്രികളുടെ നിർമ്മാണത്തിലും മറ്റുമായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശി-ക്കുന്നതെന്നു വിശദമാക്കുമോ ?

: (സി) വെടിക്കെട്ടു സാമഗ്രികളുടെ നിർമ്മാണത്തിലും മറ്റുമായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് അത്തരം ഇടങ്ങളിൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി കാലാകാലങ്ങളിൽ ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്ന ഇടങ്ങളിൽ പരിശോധന നടത്തുന്നതിനും അനുവദനീയമായ സ്ഫോടക വസ്തുക്കളുടെ അളവ് ഉറപ്പുവരുത്തുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനുമായി സംസ്ഥാന പോലീസ് മേധാവി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ പോലീസ് മേധാവികൾ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിയിൽ വരുന്ന ഇത്തരം സ്ഥലങ്ങളിൽ ആക്സ്മികമായ പരിശോധന ഉൾപ്പെടെയുള്ളവ നടത്തുകയും ലൈസൻസ്, സ്ഫോടക വസ്തുക്കളുടെ അളവ്, ജോലിക്കാരുടെ എണ്ണം, സുരക്ഷാ സംവിധാനം, ചുറ്റുപാടുകളുടെ നിരീക്ഷണം എന്നിവ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി അപകട സാധ്യതയില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള പരിശോധനകൾ കൂടുതൽ ശക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ